**15 -ാം കേരള നിയമസഭ**

**5 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1770** **05-07-2022 - ൽ മറുപടിയ്ക്ക്**

**വാഹനങ്ങളുടെ എണ്ണം നിയന്ത്രിക്കാൻ നടപടി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. കെ. ബാബു (നെന്മാറ) | | ശ്രീ ആന്റണി രാജു<br>(ഗതാഗത വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്ത് വർദ്ധിച്ചുവരുന്ന വാഹനങ്ങളുടെ എണ്ണം നിയന്ത്രിക്കുന്നതിന് സർക്കാർ എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ വിശദാംശം നൽകുമോ? | (എ) | സംസ്ഥാനത്തെ നിരത്തുകളിൽ അനിയന്ത്രിതമായ വാഹനപ്പെരുപ്പം ഉണ്ടാകുന്നുണ്ട്. ഇത് ഗതാഗത കുരുക്കും അപകടങ്ങളും സൃഷ്ടിക്കുക മാത്രമല്ല വിലയേറിയ സമയവും നഷ്ടപ്പെടുത്തുന്നു. മോട്ടോർ വാഹന നിയമം ലംഘിക്കുന്നതിനെതിരെ നടത്തിവരുന്ന കർശന പരിശോധന ചെറിയ തോതിൽ ഇതിനു പരിഹാരമാകുന്നുണ്ട്.<br><br>എന്നാൽ പുതുതായി വാഹനങ്ങൾ രജിസ്റ്റർ ചെയ്യുന്നത് നിയന്ത്രിക്കുന്നതിനായി പൊതുഗതാഗതം മെച്ചപ്പെടുത്തണം, സിൽവർ ലൈൻ പോലെയുള്ള നൂതന പദ്ധതികൾ ഈ വിഷയം അഭിസംബോധന ചെയ്യുന്നവയാണ്. സ്കൂൾ, കോളേജ്, ഓഫീസുകൾ എന്നിവിടങ്ങളിലേക്കുള്ള യാത്ര പൊതു ഗതാഗത സംവിധാനത്തിൽ കൊണ്ടുവരേണ്ടതുണ്ട്. KSRTC നടപ്പിലാക്കി വരുന്ന BOND സമ്പ്രദായം ഇതിനൊരു പരിഹാരമാണ്. KSRTC, KTDFC, Motor Vehicles Department എന്നിവ ചേർന്ന് ഇലക്ട്രിക്ക് ഓട്ടോ റിക്ഷകൾ നിരത്തിലിറക്കി "ലാസ്റ്റ് മൈൽ കണക്ടിവിറ്റി" സാധ്യമാകുന്നതിനുള്ള നടപടികളും സ്വീകരിച്ചു വരുന്നു. ജി.പി.എസ്. ട്രാക്കിംഗ്, റൂട്ട് മാനേജ്മെന്റ് സിസ്റ്റം എന്നിവ സംയോജിപ്പിച്ച ഇന്റഗ്രേറ്റഡ് മാനേജ്മെന്റ് സിസ്റ്റം നടപ്പിലാക്കുക വഴി പൊതു ജനങ്ങൾ യാത്രാ സംവിധാനത്തിന്റെ കൃത്യത അറിയുന്നതിന് സാധിക്കും. അത് വഴി പൊതുഗതാഗതം പ്രയോജനപ്പെടുത്തി നിരത്തുകളിൽ വാഹനങ്ങളുടെ എണ്ണം കുറയുമെന്ന് പ്രതീക്ഷിക്കുന്നു. |

സെക്ഷൻ ഓഫീസർ